**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - കാസറഗോഡ് ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ശ്രീമതി പി. പ്രമീളയുടെ അന്യത്രസേവനകാലം ആറ് മാസത്തേക്ക് ദീർഘിപ്പിച്ചു ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ. (സാധാ)നം. 3737/2017/തസ്വഭവ തീയതി,തിരുവനന്തപുരം. 22/11/2017

---

പരാമർശം : 1) സർക്കുലർ നം.42/13/ഫിൻ തീയതി 10/03/2013.
2) സർക്കാർ ഉത്തരവ് (സാധാ) നം.1285/14/തസ്വഭവ തീയതി 26/05/2014.
3) സർക്കാർ ഉത്തരവ് (സാധാ) നം.1430/15/തസ്വഭവ തീയതി 14/05/2015.
4) സർക്കാർ ഉത്തരവ് (സാധാ) നം.2642/16/തസ്വഭവ തീയതി 08.09.2016.
5) സർക്കാർ ഉത്തരവ് (സാധാ) നം.2400/17/തസ്വഭവ തീയതി 14/07/2017.
6) സർക്കാർ ഉത്തരവ് (സാധാ) നം.2459/17/തസ്വഭവ തീയതി 18.07.2017.
7) ശ്രീമതി. പി. പ്രമീളയുടെ 07.09.2017 ലെ അപേക്ഷ.
8) കാസറഗോഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 18.09.2017 ലെ സി1-1037/14 നമ്പർകത്ത്.

**<u>ഉത്തരവ്</u>**

കാസറഗോഡ് ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ അന്യത്ര സേവനകാല വ്യവസ്ഥയിൽ ജോലിചെയ്യുന്ന പൊതുഭരണ വകുപ്പിലെ സീനിയർ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ശ്രീമതി പി. പ്രമീളയ്ക്ക് അന്യത്രസേവനകാലം ദീർഘിപ്പിച്ച് നല്കണമെന്നഭ്യർഥിച്ച് പരാമർശം (7) പ്രകാരം ടിയാൾ സമർപ്പിച്ച അപേക്ഷ പരാമർശം (8) പ്രകാരം കാസറഗോഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറി സർക്കാരിൽ സമർപ്പിച്ചു. ശ്രീമതി. പി. പ്രമീളയ്ക്ക് പരാമർശം (2) ഉത്തരവ് പ്രകാരം കാസറഗോഡ് ജില്ലാ പഞ്ചായത്തിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി അന്യത്രസേവനകാല വ്യവസ്ഥയിൽ നിയമനം നൽകുകയും, പരാമർശം (3),(4),(5),(6) ഉത്തരവുകൾ പ്രകാരം അന്യത്രസേവനകാല വ്യവസ്ഥയിലെ നിയമനം ദീർഘിപ്പിച്ചു നല്കുകയും ചെയ്തിരുന്നു. ശ്രീമതി. പി. പ്രമീള യുടെ അന്യത്ര സേവനകാലവ്യവസ്ഥയിലുള്ള നിയമന കാലാവധി 03/12/2017 ൽ അവസാനിക്കും.

2. സർക്കാർ ഇക്കാര്യം പരിശോധിച്ച പരാമർശം (1) സർക്കുലറിലെ വ്യവസ്ഥകൾ പ്രകാരവും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിലും കാസറഗോഡ് ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്ക് പൊതുഭരണ വകുപ്പിലെ സീനിയർ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ശ്രീമതി പി. പ്രമീളയുടെ അന്യത്രസേവനകാല വ്യവസ്ഥയിലുള്ള നിയമനം ഒരു പ്രത്യേക കേസായി പരിഗണിച്ച് 04/12/2017 മുതൽ ആറുമാസത്തേക്ക് കൂടി ദീർഘിപ്പിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ് സി സ്റ്റീഫൻ**
ഗവ. ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പ്രസിഡൻറ്/സെക്രട്ടറി, കാസറഗോഡ് ജില്ലാ പഞ്ചായത്ത്, കാസറഗോഡ്.
ജില്ലാ ട്രഷറി ഓഫീസർ, കാസറഗോഡ്.
ധന വകുപ്പിന്(27.10.2017 ലെ Dev-4/133/2017-FIN കുറിപ്പ് പ്രകാരം).
പൊതുഭരണ (സർവീസസ് - ഇ)വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
ശ്രീമതി. പി. പ്രമീള, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (സെക്രട്ടറി, കാസറഗോഡ് ജില്ലാ പഞ്ചായത്ത് മുഖേന).
വെബ് ആൻഡ് ന്യൂ മീഡിയ (I&PRD).
ഡയറക്ടർ, ഐ.കെ.എം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.(ഇപിഎ 1/263/2017/തസ്വഭവ നമ്പർ ഫയൽ).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ